പതിനാലാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 1505

30.01.2018-ൽ മറുപടിക്ക്

## ഓഖി ചുഴലിക്കാറ്റ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാനത്ത് എത്ര മത്സ്യത്തൊഴിലാളികളുടെ ജീവൻ ഓഖി ചുഴലിക്കാറ്റ് മൂലം നഷ്ടപ്പെട്ടിട്ടുണ്ട്; എത്ര പേർക്ക് അംഗവൈകല്യം വന്നിട്ടുണ്ട്; ഇവർക്ക് സർക്കാർ എന്തെങ്കിലും ധനസഹായം നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് ഓഖി ചുഴലിക്കാറ്റിൽ 50 മത്സ്യത്തൊഴിലാളികൾക്ക് കടലിൽ വച്ച് ജീവഹാനി സംഭവിച്ചിട്ടുണ്ട്. കൂടാതെ, കണ്ണൂർ മാപ്പിളബേ മത്സ്യബന്ധന തുറമുഖത്തിലെ ഹൈമാസ്റ്റ് ലൈറ്റ് തകർന്ന് വീണ് ഒരു മത്സ്യത്തൊഴിലാളിയും മരണമടഞ്ഞു. ആർക്കും അംഗവൈകല്യം സംഭവിച്ചതായി റിപ്പോർട്ട് ചെയ്തിട്ടില്ല. മരിച്ച മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾക്ക് ദുരന്ത പ്രതികരണ അതോറിറ്റിയുടെ 4 ലക്ഷം രൂപയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള 6 ലക്ഷം രൂപയും, മത്സ്യത്തൊഴിലാളി ഫണ്ട് ബോർഡിന്റെ ഇൻഷുറൻസ് തുകയായ 5 ലക്ഷം രൂപയും, ഫിഷറീസ് വകുപ്പിന്റെ സഹായമായി 5 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 20 ലക്ഷം രൂപ വീതം ധനസഹായം അനുവദിച്ചു. ഇതിൽ 25 പേർക്കുള്ള ധനസഹായം ഇതിനകം തന്നെ വിതരണം ചെയ്തു. ദുരന്തത്തിൽ മരിച്ച ബാക്കിയുള്ളവരുടെ ആശ്രിതർക്ക് 01.02.2018 ന് ആശ്വാസ ധനസഹായം വിതരണം ചെയ്യുന്നതാണ്. ഓഖി ചുഴലിക്കാറ്റിൽ ഗുരുതരമായി പരിക്കേൽക്കുകയും മത്സ്യബന്ധനത്തിലേർപ്പെടാൻ കഴിയാത്ത ആരോഗ്യസ്ഥിതിയിലുമായ മത്സ്യത്തൊഴിലാളികൾക്ക് ബദൽ ജീവനോപാധിയായി ഓരോ കുടുംബത്തിനും 5 ലക്ഷം രൂപയുടെ ധനസഹായം ഫിഷറീസ് വകുപ്പിൽ നിന്നും അനുവദിക്കുന്നതാണ്. കൂടാതെ പ്രധാനമന്ത്രിയുടെ ധനസഹായമായി 2 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. |
| (ബി) | ഇത് സംബന്ധിച്ച് എന്തെങ്കിലും ജാഗ്രത നിർദ്ദേശങ്ങൾ കേന്ദ്ര കാലാവസ്ഥ-പരിസ്ഥിതി-ആഭ്യന്തര മന്ത്രാലയങ്ങൾ സംസ്ഥാനത്തിന് നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | കേന്ദ്ര കാലാവസ്ഥാ വകുപ്പിന്റെ 2013 ലെ ചുഴലിക്കാറ്റ് Standard Operating Procedure Page 9, Table 1.2 പ്രകാരം Depression എന്ന സ്ഥിതിയിൽ പ്രത്യേക നടപടികൾ ശുപാർശ ചെയ്യുന്നില്ല. Deep |

| | | | |
|---|---|---|---|
| | | | Depression എന്ന സ്ഥിതിയിൽ 'മത്സ്യ തൊഴിലാളികൾ കടലിൽ പോകുന്നത് ഒഴിവാക്കണം' (Fishermen Advised not to venture into sea) എന്നുള്ള ഉപദേശം നൽകണം' എന്ന അറിയിപ്പ് നൽകുക മാത്രമാണ് ശുപാർശ. Cyclonic Storm എന്ന നിലയിൽ മാത്രമാണ് 'മത്സ്യ തൊഴിലാളികൾ കടലിൽ പോകുന്നത് തടയണം' (Total suspension of fishing) എന്ന നിർദേശമുള്ളത്. എന്നാൽ ഇത്തരത്തിൽ 'മത്സ്യ തൊഴിലാളികൾ കടലിൽ പോകുന്നത് തടയണം' എന്ന നിർദേശം കേന്ദ്ര കാലാവസ്ഥാ വകുപ്പിൽ നിന്നും ഒരു സാഹചര്യത്തിലും കേരളത്തിന് ലഭിച്ചിട്ടില്ല. |
| (സി) | ദുരന്തനിവാരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിൽ റവന്യൂ വകുപ്പിന്റെ ഭാഗത്തു നിന്നും ഫിഷറീസ് വകുപ്പിന്റെ ഭാഗത്തു നിന്നും വേണ്ടത്ര ജാഗ്രത ഉണ്ടായില്ലെന്ന ആരോപണം പരിശോധിക്കുമോ; | (സി) | ഫിഷറീസ്, റവന്യൂ, ആഭ്യന്തര, ആരോഗ്യ വകുപ്പുകളുടെ നേതൃത്വത്തിൽ വളരെ ജാഗ്രതയോടെയുള്ള ദുരന്ത നിവാരണ പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളത്. |
| (ഡി) | ഓഖി ചുഴലിക്കാറ്റ് സംബന്ധിച്ച് ഫിഷറീസ് വകുപ്പ് എന്തെങ്കിലും ജാഗ്രത നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നായിരുന്നു അത് നൽകിയത്; വ്യക്തമാക്കുമോ? | (ഡി) | ഓഖി "ചുഴലിക്കാറ്റ്" സംബന്ധിച്ച മുന്നറിയിപ്പ് ലഭിച്ചിരുന്നില്ല. |

സെക്ഷൻ ഓഫീസർ